ശ്രീ. കെ. സി. വാമദേവൻ: സാങ്കേതിക വിദ്യാലയങ്ങളിൽ കാലത്തിനനുസൃതമായ കോഴ്സുകൾ ഏർപ്പെടുത്തുന്ന കാര്യം ആരാണ് പരിഗണിക്കുന്നത്. ഏതെങ്കിലും ഔദ്യോഗികമോ അനൗദ്യോഗികമോ ആയ ബോഡി ഉപദേശം നൽകാൻ നിലവിലുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംസ്ഥാന റീജിയണൽ കമ്മിറ്റി എന്നുപറയുന്ന ഒരു കമ്മിറ്റി സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഉണ്ട്. അവരാണ് ഇതു പരിഗണിക്കുന്നത്. അവർ അംഗീകരിച്ചുകഴിഞ്ഞതിനുശേഷമാണ് ഗവൺമെന്റ് പരിഗണിക്കുന്നത്.

(614-ാം നമ്പർ ചോദ്യം ചോദിച്ചില്ല.)

സംസ്കൃതാദ്ധ്യാപകരുടെ പ്രശ്നങ്ങൾ

*578 [615] ശ്രീ. പി. പി. എസ്തോസ്:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്കൃത സേവാസംഘത്തിൽനിന്നും സംസ്കൃതാദ്ധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വല്ല നിവേദനവും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

(എ) ഉണ്ട്.

(ബി) പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: ഇവരുടെ നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ട് വളരെ നാളായി. അതു പരിഗണിക്കുന്നതിന് അടിയന്തിരമായ നടപടിസ്വീകരിക്കണമെന്നും മറ്റും ഇതിനിടയ്ക്ക് പത്രത്തിൽ പ്രസ്താവനകളുമൊക്കെ വന്നിരുന്നു. ഈ നടപടി എന്നത്തേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിവേദനത്തിലുള്ള ആവശ്യങ്ങൾ പലതാണ്. അത് ഓരോന്നോരോന്നായി പരിശോധിച്ചുകൊണ്ടിരിക്കയാണ്. ചിലതിനെ സംബന്ധിച്ചു തീരുമാനമെടുത്തിട്ടുണ്ട്. ചിലത് നേരത്തേതന്നെ നടപ്പിലുള്ള സംഗതികളാണ്. പതിനൊന്നാവശ്യങ്ങളുണ്ട്. എല്ലാം കൂടി എപ്പോൾ പരിഗണിച്ചുതീരുമെന്നു പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. പി. എസ്തോസ്: അതിൽ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണ്. അതിൻമേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാംകൂടി 11 ആവശ്യങ്ങളുണ്ട്. അതുവേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: കേരളത്തിൽ ഒരു സംസ്കൃത യൂണിവേഴ്സിറ്റി ആരംഭിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ സ്ഥിതി എന്താണ്; അക്കാര്യം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നകാര്യം ആലോചിക്കുന്നില്ല. സംസ്കൃത യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഒരു അന്വേഷണം അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് നടത്തിയിരുന്നു. സംസ്കൃത യൂണിവേഴ്സിറ്റി സ്ഥാപിക്കേണ്ട എന്നാണ് വച്ചിട്ടുള്ളത്.

ശ്രീ. പി. സി. ജോസഫ്: നമ്മുടെ സംസ്ഥാനത്തെ ട്രെയിനിംഗ് കോളേജുകളിൽ സംസ്കൃതം പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രിസ്പ്രൈകബ് ചെയ്ത കാളിഫിക്കേഷൻ ഇല്ലാതിരുന്നതുകൊണ്ട് അതിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ചാലോചിക്കുന്നു എന്നും ഭേദഗതി വരുത്തിയെന്നും ഇതുവരെയായി അദ്ധ്യാപകരെ നിയമിച്ചില്ലെന്നും മനസ്സിലാക്കുന്നു. അക്കാര്യത്തിൽ അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്താണു സംഗതി എന്നെനിക്കറിയില്ല. ഈ നിവേദനത്തിൽ എന്തായാലും അതില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 11 ആവശ്യങ്ങളാണ് ഈ നിവേദനത്തിലടങ്ങിയിട്ടുള്ളത്, അതിൽ ചിലതൊക്കെ നടപ്പാക്കിയിട്ടുള്ളതാണ് എന്നൊക്കെ പറഞ്ഞു. എന്തെല്ലാമാണ് പ്രധാനപ്പെട്ട ആവശ്യങ്ങളെന്നു പറയുമോ ? എന്താണു നടപ്പിൽവരുത്തിയത് എന്നുപറയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, അഞ്ച് സമയം അനുവദിക്കുകയാണെങ്കിൽ വായിക്കാം. ഒരു മെമ്മോറാണ്ടമാണ്. ഏതാണ്ട് എല്ലാം പ്രധാനപ്പെട്ട ആവശ്യങ്ങളാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്തുനടപടി സ്വീകരിക്കുമെന്നുള്ള മറുപടി പറഞ്ഞാൽ മതി. സംസ്കൃതക്കാരെ അവഗണിക്കേണ്ട കാര്യമില്ലല്ലോ.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആരെയും അവഗണിക്കുകയല്ല. ദീർഘമായ റിപ്പോർട്ടാണ്.

പർച്ചെയ്സ് ടാക്സിൽനിന്നും ഒഴിവാക്കാൻ നിവേദനം

*579 [616] ശ്രീ. വി. ജെ. ജോസഫ്:

,, കെ. വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കൊളുന്തിനും, ലാറ്റക്സിനും ഏർപ്പെടുത്തിയിട്ടുള്ള പർച്ചെയ്സ് ടാക്സിൽനിന്നും സഹകരണസംഘങ്ങളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ട്.

(ബി) അഞ്ചുശതമാനത്തിൽ കുറയാതെയുള്ള ചെറുകിട തേയില കൃഷിക്കാരെ പർച്ചെയ്സ് ടാക്സിൽനിന്നും ഒഴിവാക്കാൻ ഗവൺമെന്റ് തീരുമാനിച്ച

LIBRARY ARCHIVES Kerala Legislative Assembly